02
2024
മാർച്ച്
ശനി
കുംഭം 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.145 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-145 പേജ് 4. വില 2.00 രൂപ

02 റേഷൻ കടകൾ അടച്ചിട്ട് സമരം നടത്തും

03 4,36,447 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു: മന്ത്രി

04 ഓസ്ട്രേലിയയിൽ ആരോഗ്യ പ്രവർത്തകർക്ക് മികച്ച അവസരമൊരുങ്ങുന്നു

# ഭാരത് അരിക്ക് പകരമായി ശബരി കെ റൈസുമായി കേരളം



തിരുവനന്തപുരം: ഭാരത് അരിക്ക് പകരമായി കേരളത്തിൻറെ ശബരി കെ റൈസ് ഉടൻ എത്തും. ഇതിനുള്ള തയാറെടുപ്പുകൾ വേഗത്തിൽ പൂർത്തിയാകുകയാണെന്ന് മന്ത്രി ജി.ആർ.അനിൽ പറഞ്ഞു.

സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിന്ന് ഏത് കാർഡ് ഉടമയ്ക്കും പത്തു കിലോ അരി വാങ്ങാമെന്നും ഭാരത് റൈസിനേക്കാൾ ഗുണമേന്മയുള്ള അരിയായിരിക്കും ശബരി കെ റൈസ് എന്നും മന്ത്രി പറഞ്ഞു.

കേന്ദ്ര സർക്കാർ റേഷൻ കടകളിലൂടെ കൊടുക്കുന്ന അരിയാണ് 29 രൂപ നിരക്കിൽ ഭാരത് അരിയായി നൽകുന്നതെന്നും മന്ത്രി ആരോപിച്ചു. ഭാരത് അരി സിവിൽ സപ്ലൈസ് വകുപ്പിനോ സപ്ലൈകോയ്ക്കോ നൽകിയിരുന്നെങ്കിൽ വളരെ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് അത് ലഭ്യമാക്കാമായിരുന്നു.

ഭാരത് അരിയിലൂടെ കേന്ദ്രം ജനങ്ങൾക്ക് ഉണ്ടാകുമായിരുന്ന അവസരം നിഷേധിച്ചു. അരി കൂടുതൽ വില കൊടുത്ത് വാങ്ങേണ്ട സാഹചര്യമാണ് ഭാരത് അരിയിലൂടെ സൃഷ്ടിച്ചതെന്നും ജി.ആർ.അനിൽ പറഞ്ഞു.

## അമ്മയും കാമുകനും ചേർന്ന് കൊന്ന കുഞ്ഞിൻെറ മൃതദേഹാവശിഷ്ടം കണ്ടെത്തി

മലപ്പുറം: അമ്മയും കാമുകനും ചേർന്ന് കൊന്ന പതിനൊന്ന് മാസം പ്രായമായ കുഞ്ഞിൻറെ മൃതദേഹാവശിഷ്ടം കണ്ടെത്തി. തൃശൂർ റെയിൽവേ സ്റ്റേഷനു സമീപത്തെ ഓടയിൽ നിന്നു ബാഗിനുള്ളിലാക്കിയ നിലയിലാണ് മൃതദേഹം കണ്ടെത്തിയത്. അഴുകിയ നിലയിലായിരുന്നു മൃതദേഹ അവശിഷ്ടങ്ങൾ.

കുട്ടിയുടെ അമ്മയെ എത്തിച്ച് നടത്തിയ തെളിവെടുപ്പിലാണ് മൃതദേഹം കണ്ടെത്തിയത്. മൂന്നു മാസം മുൻപാണു കൊലപാതകം നടത്തിയതെന്നാണു പോലീസ് നിഗമനം. സംഭവവുമായി ബന്ധപ്പെട്ട് കുഞ്ഞിൻറെ അമ്മ തമിഴ്നാട് കടലൂർ സ്വദേശിനി ശ്രീപ്രിയ, കാമുകൻ ജയസൂര്യൻ എന്നിവരെ പോലീസ് കസ്റ്റഡിയിൽ എടുത്തിരുന്നു. ഭർത്താവിനെ ഉപേക്ഷിച്ചു മൂന്നു മാസം മുൻപാണ് യുവതി തിരൂരിലെത്തിയത്. കഴിഞ്ഞ ദിവസം ബന്ധുക്കളിലൊരാൾ ഇവരെ കണ്ടതോടെയാണു സംഭവം പുറത്തായത്. ശ്രീപ്രിയയുടെ കൂടെ കുഞ്ഞിനെ കാണാതിരുന്നതിനാൽ സംശയം തോന്നിയ ബന്ധു പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. തുടർന്ന് പോലീസ് നടത്തിയ ചോദ്യം ചെയ്യലിൽ ജയസൂര്യനും അച്ഛനും കുഞ്ഞിനെ മർദിച്ച് കൊലപ്പെടുത്തിയെന്ന് ശ്രീപ്രിയ പോലീസിൽ മൊഴി നൽകി. സംഭവത്തിൽ ജയസൂര്യയുടെ പിതാവിനെയും മാതാവിനെയും പോലീസ് കസ്റ്റഡിയിലെടുത്തു.

## ഐഎസിൽ ചേർന്ന മലയാളി യുവാവ് പിടിയിൽ

ന്യൂഡൽഹി: ഐഎസിൽ ചേർന്ന മലയാളി യുവാവ് അഫ്ഗാനിസ്ഥാനിൽ പിടിയിലായതായി സൂചന. മലപ്പുറം ഉള്ളാട്ടുപാറ സ്വദേശി സനവുൾ ഇസ്ലാമാണ് പിടിയിലായത്.

നിലവിൽ ഇയാൾ കാണ്ഡഹാർ ജയിലിലാണെന്നും താജിക്കിസ്ഥാൻ വഴിയാണ് അഫ്ഗാനിസ്ഥാനിൽ എത്തിയതെന്നുമാണ് റിപ്പോർട്ടുകൾ. ഇയാളുടെ പാസ്പോർട്ട് അടക്കമുള്ള രേഖകൾ അഫ്ഗാൻ മാധ്യമങ്ങൾ പുറത്തു വിട്ടു.

സംഭവത്തിൽ ഇന്ത്യയിലെ അന്വേഷണ ഏജൻസികളോ വിദേശകാര്യ മന്ത്രാലയമോ ഔദ്യോഗിക സ്ഥിരീകരണങ്ങൾ നൽകിയിട്ടില്ല.

## കേരളത്തിന് നികുതിവിഹിതമായി 2,736 കോടി രൂപ; സംസ്ഥാനങ്ങൾക്ക് 1.42 ലക്ഷം കോടി അനുവദിച്ച് കേന്ദ്രം

ന്യൂഡൽഹി : കേരളത്തിനു നികുതിവിഹിതമായി 2,736 കോടി രൂപ കേന്ദ്ര ധനമന്ത്രാലയം അനുവദിച്ചു. 28 സംസ്ഥാനങ്ങൾക്കായി 1,42,122 കോടി രൂപയാണ് അനുവദിച്ചത്. ഏറ്റവും ഉയർന്ന നികുതിവിഹിതം ലഭിച്ചത് ഉത്തർപ്രദേശിനാണ്. 25495 കോടിയാണ് ഉത്തർപ്രദേശിന് അനുവദിച്ചത്. ഫെബ്രുവരി 12 നു 71,061 കോടി രൂപ സംസ്ഥാനങ്ങൾക്ക് അനുവദിച്ചതിനു പുറമേയാണു വീണ്ടും നികുതിവിഹിതമായി 1.42 ലക്ഷം കോടി രൂപ അനുവദിച്ചത്

## ഗായത്രി അശോകൻ ജന്മ ദിനം മാർച്ച് രണ്ടിനാണ്

# മലയാളത്തിന്റെ ഗസൽ സൗന്ദര്യം

മോഹൻ ശ്രീശൈലം



മലയാളചലച്ചിത്രനടിയും ശ്രദ്ധേയയായ പിന്നണിഗായികയുമാണ് ഗായത്രി അശോകൻ. ശ്രീധരന്റെ ഒന്നാം തിരുമുറിവ് (1987) എന്ന ചിത്രത്തിലൂടെ ചലച്ചിത്ര അഭിനേതാവായി തുടക്കം കുറിച്ച ഗായത്രി അരയന്നങ്ങളുടെ വീട് എന്ന ചലച്ചിത്രത്തിലെ 'ദീന ദയാലോ രാമാ' എന്ന ഗാനത്തിലൂടെയാണ് ചലച്ചിത്രപിന്നണിഗാനരംഗത്തെത്തിയത്. രവീന്ദ്രനായിരുന്നു ഈ ചിത്രത്തിന്റെ സംഗീത സംവിധായകൻ.

ഗസൽ സംഗീതത്തിൽ രാജ്യത്ത് ശ്രദ്ധിക്കപ്പെട്ടുവരുന്ന ഗായികയായ ഗായത്രി ഇപ്പോ ൾമുംബയിലാണ് താമസം

ഉള്ളിൽ തട്ടുന്ന സ്വരമാധുരിയുള്ള ഗായത്രി ഇന്ത്യൻ സംഗീതത്തിലെ വരുംകാല പ്രതിഭയും പ്രതീക്ഷയുമാണ്. മലയാളത്തിലെ ഗായത്രിയുടെ ഗാനങ്ങളെല്ലാം ഒരോ തരത്തിലും പ്രത്യേക തയാർന്നതാണ്. ഈ പാട്ടുകാരിയിലെ പ്രതിഭയെ

കണ്ടെത്തിയത് രവീന്ദ്രൻ മാസ്റ്ററാണ്. ഇളയരാജ സംഗീതസംവിധാനം നിർവ്വഹിച്ച കൊച്ചു കൊച്ചു സന്തോഷങ്ങൾ എന്ന ചിത്രത്തിലെ 'ഘനശ്യാമ' എന്നു തുടങ്ങുന്ന ഗാനമായിരുന്നു ഗായത്രിയുടെ രണ്ടാമത്തെ ഗാനം. പിന്നീട് രമേഷ് നാരായൺ, വിദ്യാസാഗർ, ഔസേപ്പച്ചൻ, ജോൺസൺ തുടങ്ങിയവരുടെ സംഗീതസംവിധാനത്തിലുള്ള ഗാനങ്ങളും ഗായത്രി ആലപിച്ചിട്ടുണ്ട്.

തൃശൂർ സ്വദേശക്കാരായ ഡോക്ടർ ദമ്പതികൾ പി.യു. അശോകന്റെയും സുനീധിയുടേയും മകളായ ഗായത്രി ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദ ധാരിയാണ്. ശ്രീ ശ്രീ രവിശങ്കറിന്റെ ഒരു അനുയായികൂടിയാണ് ഗായത്രി. ഡോ. സായിജുമായി 2005 ൽ വിവാഹിതയായെങ്കിലും വൈകാതെ അവർ വേർപിരിഞ്ഞു. 2016 ഡിസംബർ 4 ന് കൊൽക്കത്ത സ്വദേശി പുർബയാൻ ചാറ്റർജിയുമായി ഗായത്രി പുനർവിവാഹിതയായി. 'സസ്നേഹം സുമിത്ര' എന്ന ചിത്രത്തിനു വേണ്ടി ഔസേപ്പച്ചൻ ഈണം നൽകിയ, എന്തേ നീ കണ്ണാ എന്ന ഗാനത്തിന് 2000ത്തിലെ ഏറ്റവും നല്ല ചലച്ചിത്രപിന്നണിഗായികക്കുള്ള കേരള സർക്കാറിന്റെ പുരസ്ക്കാരം ലഭിച്ചു. പ്രാഞ്ചിയേട്ടൻ ആന്റ് ദി സെയ്ന്റ് എന്ന ചിത്രത്തിലെ കിനാവിലെ എന്ന ഗാനത്തിന് ഫെഫ്ക പുരസ്കാരം നേടി.

## എസ്.യു.ടി സ്കൂൾ ഓഫ് നഴ്സിംഗ് 'ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്' കോൺഫറൻസ് സംഘടിപ്പിച്ചു

തിരുവനന്തപുരം: എസ്.യു.ടി സ്കൂൾ ഓഫ് നഴ്സിംഗ്, നഴ്സ് ലീഡർമാർക്കായി 'ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ്' കോൺഫറൻസ് സംഘടിപ്പിച്ചു. പട്ടം എസ്.യു.ടി ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ചടങ്ങ് ഉദ്ഘാടനം ചെയ്തു. നഴ്സിംഗ് എജ്യുക്കേഷൻ ജോയിന്റ് ഡയറക്ടറും കെഎൻഎംഎൽ മുൻ രജിസ്ട്രാറുമായ പ്രൊഫ.ഡോ.സലീന ഷാ മുഖ്യപ്രഭാഷണം നടത്തി. സമ്പൂർണ്ണ സംതൃപ്തിയോടെ ഉപഭോക്താവിനെ കേന്ദ്രീകരിച്ച് മികവ് പുലർത്തുന്നതിന് ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലെ (എസ്.യു.ടി) ആശയങ്ങൾ മെച്ചപ്പെടുത്താനും ശാക്തീകരിക്കുകയും വേണമെന്ന ലക്ഷ്യത്തോടെയുമാണ് കോൺഫറൻസ് സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി വിദഗ്ധർ വിവിധ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തുകയും തുടർന്നുള്ള സംശയങ്ങൾക്ക് കൃത്യമായ അഭിപ്രായങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ പ്രൊഫ.നിർമ്മല എൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ എസ്യുടി ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഇൻചാർജ് ഡോ. ഉണ്ണികൃഷ്ണൻ എം, രാധാകൃഷ്ണൻ നായർ (ചീഫ് ലെയ്സൺ ഓഫീസർ), റെയ്ച്ചലമ്മ ജേക്കബ് ഡാനിയൽ (നഴ്സിംഗ് സൂപ്രണ്ട്), ദേവി കൃഷ്ണ (എച്ച് ആർ മാനേജർ), എസ്യുടി നഴ്സിംഗ് സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ രാജീവ് ടി എന്നിവർ ആശംസകൾ അർപ്പിച്ചു. തിരുവനന്തപുരത്തെ വിവിധ നഴ്സിംഗ് കോളേജുകളിൽ നിന്നുള്ള പ്രിൻസിപ്പൽമാർ, ചീഫ് നഴ്സിംഗ് ഓഫീസർമാർ, നഴ്സിംഗ് സൂപ്രണ്ടുമാർ, നഴ്സിംഗ് സൂപ്പർവൈസർമാർ തുടങ്ങി അമ്പതിലധികം പ്രതിനിധികൾ ചടങ്ങിൽ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത എല്ലാവരെയും സർട്ടിഫിക്കറ്റ് നൽകി ആദരിക്കുകയുമുണ്ടായി.

## സിദ്ധാർഥനെ ആക്രമിച്ച 19 വിദ്യാർഥികൾക്ക് 3 വർഷത്തെ പഠനവിലക്ക്; ഒരു പ്രതി കൂടി കീഴടങ്ങി

കൽപറ്റ : പൂക്കോട് വെറ്ററിനറി സർവകലാശാലാ ക്യാംപസിൽ എസ്എഫ്ഐ നേതാക്കളുൾപ്പെടെയുള്ളവരുടെ ആൾക്കൂട്ട വിചാരണയ്ക്കും ക്രൂരമർദനത്തിനും ഇരയായതിനു പിന്നാലെ തുങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ രണ്ടാം വർഷ ബിരുദ വിദ്യാർഥി ജെ.എസ്.സിദ്ധാർഥനെ ആക്രമിച്ച 19 വിദ്യാർഥികൾക്ക് 3 വർഷത്തെ പഠന വിലക്ക് ഏർപ്പെടുത്തി. പൂക്കോട് വെറ്ററിനറി കോളജ് ആന്റി റാഗിങ് കമ്മിറ്റിയുടെതാണ് തീരുമാനം.






# റേഷൻ കടകൾ അടച്ചിട്ട് സമരം നടത്തും

കാസർഗോഡ്: വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ മാർച്ച് ഏഴിന് റേഷൻ കടകൾ അടച്ചിട്ട് സമരം നടത്തുമെന്ന് റേഷൻ വ്യാപാരി കോഓർഡിനേഷൻ കമ്മിറ്റി ജില്ലാ കൺവൻഷൻ അറിയിച്ചു. സെക്രട്ടേറിയറ്റിലേക്കും ജില്ലാ ആസ്ഥാനങ്ങളിലേക്കും മാർച്ചും നടത്തും.

സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുമ്പോൾ റേഷൻ വ്യാപാരികളുടെ സേവന വേതന വ്യവസ്ഥകൾ ആറ് മാസത്തിനുള്ളിൽ പരിഷ്കരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ ഉറപ്പ് അഞ്ച് വർഷമായിട്ടും നടപ്പായിട്ടില്ല. കോവിഡ് കാലത്ത് ജനങ്ങളെല്ലാം ജീവരക്ഷാർഥം വീട്ടിലിരിക്കുമ്പോഴും സർക്കാർ നല്കിയ പഴംതുണി കൊണ്ടുള്ള മാസ്കുമായി ഭക്ഷ്യധാന്യ വിതരണവും കിറ്റ് വിതരണവും നിർവഹിക്കേണ്ടി വന്നവരാണ് റേഷൻ വ്യാപാരികൾ.

63 റേഷൻ വ്യാപാരികളാണ് സംസ്ഥാനത്ത് കോവിഡ് പിടിപെട്ട് മരണമടഞ്ഞത്. കിറ്റ് വിതരണം നടത്തിയതിനുപോലും റേഷൻ വ്യാപാരികൾക്ക് ഒന്നും നൽകിയില്ല.

ക്ഷേമനിധിയുടെ പേരിൽ റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന തുച്ഛമായ കമ്മീഷനിൽ നിന്നുപോലും പിടിച്ചുപറിക്കുന്ന നിലയാണ്. അരിവിഹിതം വെട്ടിക്കുറച്ചതോടെ വ്യാപാരികൾക്ക് ലഭിക്കുന്ന ശരാശരി പ്രതിമാസ കമ്മീഷൻ 18000 രൂപയിൽ താഴെയായി.

മുറി വാടകയും വൈദ്യുതച്ചെലവും സഹായിയുടെ വേതനവും കഴിച്ചാൽ ജീവിക്കാനുള്ള കാശുപോലും കിട്ടാതെയായി. റേഷൻ കാർഡ് സംബന്ധിയായ എന്ത് ജോലി ചെയ്താലും അക്ഷയ കേന്ദ്രങ്ങൾക്ക് 50 രൂപ ഫീസ് വാങ്ങാം.

പക്ഷേ സംസ്ഥാനത്തെ ഒന്നരക്കോടിയോളം വരുന്ന ബിപിഎൽ, എഎവൈ കാർഡ് അംഗങ്ങളുടെ മസ്റ്ററിംഗ് ജോലികൾ ദൈനംദിന ജോലിത്തിരക്കിനിടയിലും അവധി ദിവസങ്ങളിലും ചെയ്തുതീർക്കേണ്ടിവരുന്ന റേഷൻ വ്യാപാരികൾക്ക് ഉപഭോക്താക്കളോ സർക്കാരോ പ്രതിഫലമൊന്നും നല്കേണ്ടതില്ലെന്നാണ് സർക്കാർ നിലപാടെന്നും സംഘടനാ നേതാക്കൾ ചൂണ്ടിക്കാട്ടി.

എം. സുരേശൻ മേലാങ്കോട് അധ്യക്ഷത വഹിച്ചു, ബാലകൃഷ്ണ ബല്ലാൾ, പി. ശരത്ത്, സതീശൻ ഇടവേലി, പി. കെ. അബ്ദുൾ റഹിമാൻ, എ. നടരാജൻ, കെ. സി. രവി, സജീവ് പാത്തിക്കര, കെ. പി. തമ്പാൻ, കെ. ശശിധരൻ, കെ. എൻ. ഹരിദാസ്, ചരൺ ബന്തിയോട്, ജോഷി ജോർജ് എന്നിവർ പ്രസംഗിച്ചു.

# ബസ് സ്റ്റാൻഡ് നിർമാണം; നീലേശ്വരത്ത് ഗതാഗത ക്രമീകരണം

നീലേശ്വരം: പുതിയ ബസ് സ്റ്റാൻഡിൻറെ നിർമാണം തുടങ്ങുന്നതിനാൽ മാർച്ച് ഒന്ന് മുതൽ നഗരത്തിൽ ഗതാഗത ക്രമീകരണം ഏർപ്പെടുത്താൻ നഗരസഭ ട്രാഫിക് നിയന്ത്രണ കമ്മിറ്റി യോഗം തീരുമാനിച്ചു. കാഞ്ഞങ്ങാട്, പയ്യന്നൂർ ഭാഗങ്ങളിൽ നിന്ന് ദേശീയപാത വഴി വരുന്ന ബസുകൾ പതിവുപോലെ രാജാറോഡ് വഴി നഗരത്തിൽ പ്രവേശിച്ച് ബസാറിൽ നിന്ന് തളിയിൽ അമ്പലം റോഡിലേക്ക് പ്രവേശിക്കണം. ഈ റോഡിലൂടെ വൺവേ ആയി വന്ന് രാജാ റോഡിലെ പെട്രോൾ പമ്പിന് സമീപത്തെത്തി ആളുകളെ ഇറക്കുകയും കയറ്റുകയും ചെയ്ത് തിരിച്ച് രാജാ റോഡ് വഴി ദേശീയപാതയിലേക്ക് മടങ്ങണം. ബസ്സ്റ്റാൻഡ് പരിസരത്തേക്ക് ഈ ബസുകൾ പ്രവേശിക്കേണ്ടതില്ല.

മലയോര മേഖലയിൽ നിന്ന് വരുന്ന വാഹനങ്ങൾ ബസ്സ്റ്റാൻഡിന് മുന്നിലൂടെ വന്ന് പെട്രോൾ പമ്പിന് സമീപം നിർത്തി ആളുകളെ കയറ്റുകയും ഇറക്കുകയും ചെയ്യണം. ദേശീയപാത വഴി വന്ന് കിഴക്കൻ മേഖലയിലേക്ക് പോകുന്ന ബസുകൾ തളിയിൽ അമ്പലം റോഡ് വഴി വന്ന് ബസ്സ്റ്റാൻഡിന് മുന്നിൽ ആളുകളെ ഇറക്കുകയും കയറ്റുകയും ചെയ്ത് പോകേണ്ടതാണ്. നീലേശ്വരത്ത് യാത്ര അവസാനിപ്പിക്കുന്ന ബസുകൾ കോൺവൻറ് ജംഗ്ഷന് സമീപം നിർത്തിയിടണം.

നിലവിൽ ബസ്സ്റ്റാറ്റാൻഡിൽ പാർക്ക് ചെയ്യുന്ന ഓട്ടോറിക്ഷകൾ രാജാറോഡിലെ പെട്രോൾ പമ്പിന് എതിർവശമുള്ള പാർക്കിംഗ് സ്ഥലത്തേക്ക് മാറണം. മെയിൻ ബസാർ മുതൽ ബസ്സ്റ്റാൻഡ് വരെ സ്വകാര്യ പാർക്കിംഗ് പൂർണമായും നിരോധിക്കും. പകരം പട്ടേന റോഡ് ജംഗ്ഷൻ മുതൽ ചിറപ്പുറം വരെയുള്ള ഭാഗങ്ങൾ പ്രയോജനപ്പെടുത്താം. തളിയിൽ അമ്പലം റോഡിൽ പാർക്ക് ചെയ്യുന്ന ഓട്ടോകൾ തെരു റോഡിലേക്ക് മാറണം. സ്വകാര്യ വാഹനങ്ങൾ ഉൾപ്പെടെ എല്ലാ വാഹനങ്ങൾക്കും ഈ ക്രമീകരണം ബാധകമായിരിക്കുമെന്നും ട്രാഫിക് നിയന്ത്രണ കമ്മിറ്റി അറിയിച്ചു.

നഗരസഭാ ചെയർപേഴ്സൺ ടി. വി. ശാന്തയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ചെയർമാൻ പി. പി. മുഹമ്മദ് റാഫി, സ്ഥിരം സമിതി അധ്യക്ഷരായ കെ. പി. രവീന്ദ്രൻ, ടി. പി. ലത, നഗരസഭാ സെക്രട്ടറി കെ. മനോജ്കുമാർ, അസി. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സുധീഷ്, നഗരസഭാ എൻജിനിയർ വി. വി. ഉപേന്ദ്രൻ, ജനമൈത്രി പോലീസ് ബീറ്റ് ഓഫീസർ കെ. വി. പ്രദീപ്കുമാർ, പിഡബ്ല്യുഡി റോഡ് വിഭാഗം ഓവർസിയർ വിക്ടോറിയ, കെട്ടിട വിഭാഗം ഓവർസിയർ പി. വി. സജിന എന്നിർ പങ്കെടുത്തു.

## തേനീച്ച ആക്രമണത്തിൽ ജീവനക്കാർക്കും രോഗികൾക്കും പരിക്കേറ്റു

എടക്കര: കൗക്കാട് എടക്കര ഗവൺമെൻറ് ആയുർവേദ ആശുപത്രിയിൽ തേനീച്ചയുടെ ആക്രമണം. ജീവനക്കാർക്കും രോഗികൾക്കും തൊഴിലാളികൾക്കു പരിക്കേറ്റു. ആശുപത്രിയിലെ ഫാർമസിസ്റ്റ് ടി. എൻ. സന്തോഷ്, അസിസ്റ്റൻറ് സന്തോഷ് മാത്യു ചെട്ടിശേരിയിൽ, തെറാപ്പിസ്റ്റ് സിബിൻ രാജ്, ആശുപത്രിയിലെ നിർമാണ പ്രവൃത്തികൾ നടത്തുന്ന കരാറുകാരൻ ചുങ്കത്തറ സ്വദേശി അൻസാരി, പത്തോളം തൊഴിലാളികൾ, അഞ്ച് രോഗികൾ എന്നിവർക്കാണ് തേനീച്ചകളുടെ ആക്രമണത്തിൽ പരിക്കേറ്റത്.

ഇന്നലെ രാവിലെ പത്തുമണിയോടെയാണ് സംഭവം. ആശുപത്രിയുടെ സമീപമുള്ള പറമ്പിൽ കൂടു കൂട്ടിയ വൻ തേനീച്ചകളാണ് ഇവരെ ആക്രമിച്ചത്. കഴിഞ്ഞ ശനിയാഴ്ചയും ഇതേ രിതിയിൽ തേനീച്ചകളുടെ ആക്രമണത്തിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പരിക്കേറ്റിരുന്നു. പരിക്കേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകിയ ശേഷം എടക്കരയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരുടെയും നില ഗുരുതരമല്ല.

## സീനിയർ സിറ്റിസൺ ഫോറം പ്രധാന മന്ത്രിക്ക് പോസ്റ്റ്കാർഡുകളയച്ചു

ചിറ്റാരിക്കാൽ: മുതിർന്ന പൗരന്മാർക്കുള്ള കുറഞ്ഞ പെൻഷൻ തുക 5000 രൂപയായി വർധിപ്പിക്കുക, ട്രെയിൻ യാത്രാ സൗജന്യം പുനഃസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സീനിയർ സിറ്റിസൺ ഫോറം ഈസ്റ്റ് എളേരി പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിക്ക് നിവേദനമയച്ചു.

ചിറ്റാരിക്കാൽ പോസ്റ്റ് ഓഫീസിലേക്ക് ജാഥയായി എത്തിയ പ്രവർത്തകർ പോസ്റ്റ് കാർഡിൽ എഴുതിയാണ് നിവേദനം തയാറാക്കിയത്. പഞ്ചായത്ത് കമ്മിറ്റി പ്രസിഡൻറ് അഗസ്റ്റിൻ, സെക്രട്ടറി യോഹന്നാൻ പനച്ചിയിൽ എന്നിവർ പ്രസംഗിച്ചു.

## ടിൻക് ഹെർ ഹാക്ക് ശ്രദ്ധേയമായി

ഇരിങ്ങാലക്കുട: ക്രൈസ്റ്റ് കോളജ് ഓഫ് എൻജിനീയറിംഗ് ടെക് ഫെസ്റ്റിനോട് അനുബന്ധിച്ച് പെൺകുട്ടികൾക്ക് മാത്രമായി സംഘടിപ്പിച്ച ഹാക്കത്തോൺ ശ്രദ്ധേയമായി.

ടിങ്കർ ഹബ്, ഐ ട്രിപ്പിൾ ഇ, ജോബിൻ ആൻഡ് ജിസ്മി ഐ ടി സർവീസസ് എന്നിവയുടെ സഹകരണത്തോടെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗ് വിഭാഗമാണ് ഹാക്കത്തോൺ സംഘടിപ്പിച്ചത്. ജോബിൻ ആൻഡ് ജിസ്മി കോ ഫൗണ്ടർ ജിസ്മി ജോബിൻ ഹാക്കത്തോൺ ഉദ്ഘാടനം ചെയ്തു.

മൊബൈൽ ഫോണുകൾ ഒരുക്കുന്ന വിർചൽ ലോകത്തു നിന്ന് ഇറങ്ങിവന്ന്, യഥാർഥ ലോകത്തെ സാങ്കേതിക പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ വിദ്യാർഥികൾ മുന്നിട്ടിറങ്ങണമെന്ന് അവർ അഭിപ്രായപ്പെട്ടു.

എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോൺ പാലിയേക്കര, പ്രിൻസിപ്പൽ ഡോ. സജീവ് ജോൺ, വൈസ് പ്രിൻസിപ്പൽ ഡോ. വി. ഡി. ജോൺ, ഡോ. വിൻസ് പോൾ, ഡോ. എ. എൻ. രവിശങ്കർ എന്നിവർ പ്രസംഗിച്ചു.

വിവിധ റൗണ്ടുകളിലായി പന്ത്രണ്ടുമണിക്കൂറോളം നീണ്ടു നിന്ന ഹാക്കത്തോൺ വിദ്യാർഥിനികളുടെ സാങ്കേതിക മികവ് പുറത്തെടുക്കാനുള്ള വേദിയായി. അസി. പ്രഫസർ മാഗ്നിയ ഡേവിസ്, വിദ്യാർഥികളായ കെ. എസ്. റിഫാന, മരിയ ഷാജി എന്നിവർ നേതൃത്വം നൽകി. വിവിധ കോളജുകളിൽ നിന്നായി നൂറോളം വിദ്യാർഥിനികൾ പങ്കെടുത്തു.

# വനം ഓഫീസിലേക്ക് കോൺഗ്രസ് മാർച്ച് നടത്തി

നിലമ്പൂർ: ചാലിയാർ പഞ്ചായത്തിലെ വന്യമൃഗശല്യത്തിനെതിരേ നടപടി ആവശ്യപ്പെട്ട് കോൺഗ്രസ് അകമ്പാടം വനം സ്റ്റേഷനിലേക്ക് ബഹുജന കർഷക മാർച്ച് നടത്തി.

വനിതകൾ ഉൾപ്പെടെ നൂറുക്കണക്കിന് പ്രവർത്തകർ മാർച്ചിൽ പങ്കെടുത്തു. വന്യമൃഗശല്യം രൂക്ഷമാകുമ്പോഴും വനം വകുപ്പും സർക്കാരും തുടരുന്ന നിസംഗതക്കെതിരേയാണ് ചാലിയാർ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ എരഞ്ഞിമങ്ങാടുള്ള അകമ്പാടം വനം സ്റ്റേഷനിലേക്ക് മാർച്ച് നടത്തിയത്.

അകമ്പാടം കോൺഗ്രസ് ഓഫീസ് പരിസരത്തു നിന്നാരംഭിച്ച മാർച്ച് വനം സ്റ്റേഷനു മുന്നിൽ സമാപിച്ചു. നിലമ്പൂർ ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് പാലോളി മെഹബൂബ് ഉദ്ഘാടനം ചെയ്തു. മണ്ഡലം കോൺഗ്രസ് പ്രസിഡൻറ് തോണിയിൽ സുരേഷ് അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് കോൺഗ്രസ് മുൻ പ്രസിഡൻറ് എ. ഗോപിനാഥ്, യൂത്ത് കോൺഗ്രസ് പ്രസിഡൻറ് അനിഷ് അഗസ്റ്റിൻ, ഡിസിസി അംഗം അഡ്വ. യുനസ് സലീം, ചാലിയാർ സർവീസ് സഹകരണ ബാങ്ക് പ്രസിഡൻറ് ബെന്നി കൈതോലിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഗ്രാമപഞ്ചായത്ത് ഉപാധ്യക്ഷ ഗീതാദേവദാസ്, ഗ്രാമപഞ്ചായത്തംഗങ്ങളായ ഗ്രീഷ്മ പ്രവീൺ,

ബീനാ ജോസഫ്, സിബി അമ്പാട്ട്, മഞ്ജു അനിൽ, വി. എസ്. ജയശ്രീ, പാർട്ടി നേതാക്കൻമാരായ നാലകത്ത് ഹൈദരലി, വി. സി. ജോർജ്, ഇ. പി. മുരളി, അസീസ് പൂക്കോടൻ, അനിൽ അകമ്പാടം, ജെയിംസ് മനയാനി, സണ്ണി മുത്തനാട്ട്, വിശ്വനാഥൻ തോട്ടുപൊയിൽ, സക്കീർ ഹുസൈൻ എരഞ്ഞിമങ്ങാട്, എ. റഷീദലി, രാമകൃഷ്ണൻ പെരുമ്പത്തൂർ, സുരേഷ് കോരംകോട് എന്നിവർ നേതൃത്വം നൽകി.

വന്യമൃഗശല്യത്തിന് പരിഹാരം കാണാൻ രാത്രികാല പട്രോളിംഗ് ഉൾപ്പെടെ വേണമെന്ന് സമരക്കാർ ആവശ്യപ്പെട്ടു. പട്ടാപ്പകൽ പോലും പഞ്ചായത്തിൻറെ ജനവാസ കേന്ദ്രങ്ങളിൽ കാട്ടാനകൾ ഇറങ്ങുകയാണ്. ആനയുടെ ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റു. ഈ സാഹചര്യത്തിൽ വനപാലകർക്ക് വാഹനത്തിനു ഡീസൽ അടിക്കുന്നതിനും പടക്കങ്ങൾ ഉൾപ്പെടെ വാങ്ങാനെങ്കിലും സർക്കാർ അടിയന്തരമായി പണം അനുവദിക്കണമെന്നും സമരക്കാർ ആവശ്യപ്പെട്ടു.

## മെൻസ്ട്രുവൽ കപ്പ് വിതരണം ചെയ്തു

കൽപ്പറ്റ: നെൻമേനി പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്തു. പ്രകൃതിയോടിണങ്ങി ആർത്തവ ശുചിത്വത്തിൻറെ അധ്യായം എന്ന മുദ്രാവാക്യവുമായി മിത്ര2024 എന്ന പേരിൽ 10 ലക്ഷം രൂപയുടെ മെൻസ്ട്രുവൽ കപ്പുകളാണ് വാർഡുകളിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കായി വിതരണം ചെയ്തത്.

വാർഡുകളിൽ ക്യാന്പുകൾ നടത്തി മെൻസ്ട്രുവൽ കപ്പിൻറെ ഉപയോഗത്തെക്കുറിച്ച് ക്ലാസുകൾ നൽകി. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ലക്ഷ്യമിട്ടുള്ള പദ്ധതി അടുത്ത വർഷവും തുടരുമെന്നും 2026 ൽ സന്പൂർണ മെൻസ്ട്രുവൽ കപ്പ് പഞ്ചായത്തായി പ്രഖ്യാപിക്കുകയാണ് ലക്ഷ്യമെന്നും ഭരണ സമിതി അംഗങ്ങൾ പറഞ്ഞു.

പഞ്ചായത്ത് പ്രസിഡൻറ് ഷീല പുഞ്ചവയൽ കപ്പുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡൻറ് റ്റിജി ചെറുതോട്ടിൽ അധ്യക്ഷനായ പരിപാടിയിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ വി. ടി. ബേബി, സുജാത ഹരിദാസ്, ജയമുരളി, പഞ്ചായത്തംഗം അഫ്സൽ കുടുക്കി, മെഡിക്കൽ ഓഫീസർ ഡോ. രമ്യ കൃഷ്ണൻ, മെജോ ജോസഫ്, പി. പി. സുമ തുടങ്ങിയവർ പ്രസംഗിച്ചു.

## എം. മുകേഷിൻറെ പര്യടനത്തിന് പുനലൂരിൽ തുടക്കമായി

പുനലൂർ: കൊല്ലം പാർലമെൻറ് മണ്ഡലത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്ഥാനാർഥി എം. മുകേഷിൻറെ പര്യടനത്തിന് പുനലൂരിൽ തുടക്കമായി.

സംസ്ഥാനത്ത് തന്നെ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന പുനലൂരിൽ അതി കഠിനമായ ചൂടിനേയും അവഗണിച്ച് നൂറ് കണക്കിന് പ്രവർത്തകരും സ്ത്രീകളും കുട്ടികളും അടക്കം നിരവധിയാളുകൾ സ്വീകരിക്കുന്നതിനായി വിവിധ സ്വീകരണ സ്ഥലങ്ങളിൽ തടിച്ച് കൂടി. സ്ഥാനാർഥി നടത്തിയ ഹൃദ്യവും ഹ്രസ്വവും നർമത്തിൽ പൊതിഞ്ഞതുമായ പ്രസംഗം സ്വീകരിക്കാനെത്തിയവരെ കൂടുതൽ ആവേശത്തിലാക്കി.

പുനലൂരുമായി തനിക്കുള്ള ബന്ധം ഓർത്തെടുത്ത് സ്ഥാനാർഥി പ്രസംഗത്തിൽ സൂചിപ്പിച്ചു.

ഇന്നലെ രാവിലെ 11 ന് ചെമ്മന്തൂർ പ്രൈവറ്റ് ബസ് സ്റ്റാൻറ് മൈതാനിയിൽ തടിച്ച് കൂടിയവരുടെ സ്വീകരണം ഏറ്റുവാങ്ങി പര്യടനത്തിന് തുടക്കും കുറിച്ചു. ചെമ്മന്തൂരിൽ സിപിഐ ജില്ലാ സെക്രട്ടറി പി. എസ്.സുപാൽ എംഎൽഎ, സിപിഎം സംസ്ഥാന കമ്മിറ്റിയംഗം കെ. രാജഗോപാൽ, പാർലമെൻറ് മണ്ഡലം തെരഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാനും മുൻമന്ത്രിയുമായ അഡ്വ. കെ. രാജു, കൺവീനർ കെ. വരദരാജൻ, പുനലൂർ നിയോജക മണ്ഡലം കമ്മറ്റി കൺവീനർ ജോർജ് മാത്യു, ചെയർമാൻ സലീം, തുടങ്ങിയവർ സ്വീകരിച്ചു. തുടർന്ന് തുറന്ന വാഹനത്തിൽ പുനലൂർ മാർക്കറ്റ് ജംഗഷനിൽ എത്തി.

## പെരിയ ഇരട്ടക്കൊലപാതകം തെരഞ്ഞെടുപ്പിനെ ബാധിക്കില്ല; എം.വി. ബാലകൃഷ്ണൻ

കാസർഗോട്: പെരിയ ഇരട്ടക്കൊലപാതക കേസ് തെരഞ്ഞെടുപ്പിൽ ബാധിക്കില്ലെന്ന് കാസർഗോഡ് എൽഡിഎഫ് സ്ഥാനാർഥി എം.വി. ബാലകൃഷ്ണൻ. യുഡിഎഫിൻറെ രാഷ്ട്രീയ ആയുധം മാത്രമാണ് ഈ കേസെന്ന് അദ്ദേഹം പറഞ്ഞു.

കൊലപാതകത്തിൽ പാർട്ടിക്ക് പങ്കില്ലെന്ന് നേരത്തെ തന്നെ വ്യക്തമാക്കിയതാണ്. സിപിഎം നേതാക്കളെ കള്ളക്കേസിൽ കുടുക്കിയപ്പോഴാണ് കേസിൽ ഇടപെട്ടത്. എൽഡിഎഫിന് ഒരു ഭയവുമില്ല. കേസിൽ വിധി വരട്ടെയെന്നും എം.വി. ബാലകൃഷ്ണൻ വ്യക്തമാക്കി.

2019 ഫെബ്രുവരി 17 നാണ് കാസർഗോട് പെരിയ കല്ല്യോട്ടെ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷും ശരത് ലാലും കൊല്ലപ്പെട്ടത്. കേസിൽ സിപിഎം ഏരിയ സെക്രട്ടറിയും ലോക്കൽ സെക്രട്ടറിയും ഉൾപ്പെടെ 14 പേരെ ക്രൈംബ്രാഞ്ച് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. പിന്നീട് ഹൈക്കോടതി കേസ് സിബിഐക്ക് വിടുകയായിരുന്നു.

# 38 തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് അംഗീകാരം

കാസർഗോഡ്: ജില്ലയിലെ 38 തദ്ദേശഭരണ സ്ഥാപനങ്ങളുടെ 202425 വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം. ജില്ലാപഞ്ചായത്തിൻറെയും ആറു ബ്ലോക്ക് പഞ്ചായത്തുകളുടേയും രണ്ടു നഗരസഭകളുടേയും 29 പഞ്ചായത്തുകളുടേയും വാർഷിക പദ്ധതികളാണ് അംഗീകരിച്ചത്.

ജില്ലാ പഞ്ചായത്ത്, നീലേശ്വരം, പരപ്പ, കാഞ്ഞങ്ങാട്, കാറഡുക്ക, കാസർഗോഡ്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്തുകൾ, നീലേശ്വരം, കാഞ്ഞങ്ങാട് നഗരസഭകൾ, കാറഡുക്ക, കിനാനൂർ കരിന്തളം, ബളാൽ, കയ്യൂർ ചീമേനി, ചെറുവത്തൂർ, മടിക്കൈ, പള്ളിക്കര, മധൂർ, ഈസ്റ്റ് എളേരി, കോടോം ബേളൂർ, ബേഡഡുക്ക, വലിയപറമ്പ്, കുമ്പഡാജെ, ദേലംപാടി, വെസ്റ്റ് എളേരി, പടന്ന, പുല്ലൂർപെരിയ, മൊഗ്രാൽപുത്തൂർ, നീലേശ്വരം നഗരസഭ, പിലിക്കോട്, കള്ളാർ, തൃക്കരിപ്പൂർ, ചെമ്മനാട്, കാഞ്ഞങ്ങാട്, മുളിയാർ, അജാനൂർ, ബെള്ളൂർ, എൻമകജെ, പുത്തിഗെ, മഞ്ചേശ്വരം പഞ്ചായത്തുകളുടേയും വാർഷിക പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്.

202223 സാമ്പകത്തിക വർഷത്തിൽ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മികച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫി, മഹാത്മാ ട്രോഫി പുരസ്ക്കാരങ്ങൾ ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങളെ ആദരിച്ചു. സ്വരാജ് ട്രോഫി സംസ്ഥാന തലത്തിൽ പഞ്ചായത്ത് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ വലിയപറമ്പ് പഞ്ചായത്തിനേയും ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയ നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിനേയും ആദരിച്ചു.

സ്വരാജ് ട്രോഫി ജില്ലാ തലത്തിൽ ഒന്നും രണ്ടും സ്ഥാനം നേടിയ ചെറുവത്തൂർ പഞ്ചായത്തിനേയും ബേഡഡുക്ക പഞ്ചായത്തിനേയും ചടങ്ങിൽ ആദരിച്ചു.

മഹാത്മാ പുരസ്ക്കാരം ജില്ലാതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ മടിക്കൈ പഞ്ചായത്തിനേയും പനത്തടി പഞ്ചായത്തിനേയും ചടങ്ങിൽ ആദരിച്ചു.

ഡിപിസി ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ കെ. ഇമ്പശേഖർ, ജില്ലാ പ്ലാനിംഗ് ഓഫീസർ ആർ. രാജേഷ്, ഡിപിസി അംഗങ്ങളായ ഷാനവാസ് പാദൂർ, എം. മനു, കെ. ശകുന്തള, ജാസ്മിൻ കബീർ ചെർക്കളം, നജ്മ റാഫി, സി. രാമചന്ദ്രൻ, വി. വി. രമേശൻ, എ. പി. ഉഷ എന്നിവർ പങ്കെടുത്തു.

## അന്തിമ മാസ്റ്റർപ്ലാൻ നഗരസഭയ്ക്ക് കൈമാറി

ചാലക്കുടി: കഴിഞ്ഞ ദിവസം സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്ത അന്തിമ ടൗൺ മാസ്റ്റർപ്ലാൻ ജില്ലാ ടൗൺ പ്ലാനർ ടി. കെ. രാജീവ് നഗരസഭ ചെയർമാൻ എബി ജോർജിന് കൈമാറി. 12 വർഷത്തോളം നീണ്ട പ്രവർത്തനങ്ങൾക്കൊടുവിൽ അന്തിമമായി കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ച് സമർപ്പിച്ച മാസ്റ്റർപ്ലാൻ കഴിഞ്ഞ മാസം സർക്കാർ അംഗീകരിച്ച് അനുമതിയായെങ്കിലും ഇപ്പോൾ ഗസറ്റ് വിജ്ഞാപനമായതോടെയാണ് പ്രാബല്യത്തിലായത്.

ഇതോടെ നഗരസഭ അതിർത്തിക്കുള്ളിലെ മുഴുവൻ നിർമാണ പ്രവർത്തനങ്ങളും വികസന പദ്ധതികളും ഈ മാസ്റ്റർ പ്ലാനിൻറെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുക. നഗരസഭ രൂപം കൊണ്ട കാലത്ത് തയാറാക്കിയ രണ്ടു ഡിടിപി സ്കീമുകളും ഇതോടെ ഇല്ലാതാവുകയും ചെയ്തു.

കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് അംഗീകരിച്ച് പ്രസിദ്ധീകരിച്ച കരട് മാസ്റ്റർപ്ലാനിനെ സംബന്ധിച്ച് വ്യാപകമായ ആക്ഷേപങ്ങൾ ഉണ്ടായിരുന്നു. തുടർന്ന് ഇപ്പോഴത്തെ കൗൺസിൽ അധികാരത്തിൽ വന്നശേഷം പൊതുജനങ്ങളിൽനിന്ന് പരാതികൾ സ്വീകരിച്ച് തീർപ്പാക്കിയതോടെയാണ് അന്തിമ മാസ്റ്റർപ്ലാനിന് അംഗീകാരം നൽകിയത്. ലഭിച്ച 1,539 പരാതികളാണ് തീർപ്പാക്കിയത്. വൈസ് ചെയർപേഴ്സൻ ആലീസ് ഷിബു അധ്യക്ഷത വഹിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ജോർജ് തോമസ്, ദിപു ദിനേശ്, ജിജി ജോൺസൻ, സൂസമ്മ ആൻറണി, സൂസി സുനിൽ, ഷിബു വാലപ്പൻ, സി. എസ്. സുരേഷ്, വി. ഒ. പൈലപ്പൻ, ബിജു ചിറയത്ത്, കെ. വി. പോൾ, സി. ശ്രീദേവി, നിത പോൾ, റോസി ലാസർ, എൻജിനീയർ എം. കെ. സുഭാഷ് എന്നിവർ പ്രസംഗിച്ചു.

## ബിനോയ് കോടിയേരിക്ക് തിരിച്ചടി; രേഖകൾ ആദായനികുതി വകുപ്പിന് കൈമാറാൻ നിർദേശം

കൊച്ചി: ആദായനികുതി വകുപ്പ് ആവശ്യപ്പെട്ട രേഖകൾ കൈമാറണമെന്ന് ബിനോയ് കോടിയേരിയോട് ആവശ്യപ്പെട്ട് ഹൈക്കോടതി. ആദായനികുതി വകുപ്പിൻറെ തുടർച്ചയായ നോട്ടിസുകൾക്കെതിരെ ബിനോയ് കോടിയേരി നൽകിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി.

ജസ്റ്റീസ് ദിനേശ് കുമാർ സിംഗ് ആണ് ഹർജി പരിഗണിച്ചത്. 2015 2016 മുതൽ 2021 2022 വരെയുള്ള ഇൻകം ടാക്സ് റിട്ടേണുകൾ, ബാലൻസ് ഷീറ്റ്, ബാങ്ക് പലിശ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ ഹാജരാക്കാനാണു തുടരെയുള്ള നോട്ടിസുകളിൽ നിർദേശം നൽകിയിരിക്കുന്നത്. ഏത് സാഹചര്യത്തിലാണ് രേഖകൾ ആവശ്യപ്പെടുന്നതെന്ന് രേഖാമൂലം മറുപടി നൽകാൻ ഇൻകം ടാക്സിനോട് ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

തൻറെ സാമ്പത്തിക ഇടപാടുകളും ഹോംസ് ജനറൽ ട്രേഡിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൻറെ വിശദാംശങ്ങളും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് നിർദേശം. ഈ സ്ഥാപനവുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് ബിനോയ് ഹർജിയിൽ വ്യക്തമാക്കിയിരുന്നു.

## സെമിനാർ സംഘടിപ്പിച്ചു

ഗതാഗത സംവിധാനത്തിലെ നവീന സാധ്യതകൾ എന്ന വിഷയത്തിൽ പൂജപ്പുര എൽ.ബി.എസ് ടെക്നോളജി ഫോർ വിമൺസ് കോളജിൽ സെമിനാർ സംഘടിപ്പിച്ചു. തിരുവനന്തപുരം സി.ഇ.ടി എൻജിനിയറിങ് കോളജിലെ സിവിൽ എൻജിനിയറിങ് വിഭാഗം മേധാവി ഡോ. ആർ അനിൽ മുഖ്യാതിഥിയായി. സ്വാതന്ത്ര്യത്തിന്റെ 100 വർഷത്തിനുള്ളിൽ ഗതാതഗ സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. ചടങ്ങിൽ കോളജ് പ്രിൻസിപ്പാൾ ഡോ.ജെ ജയമോഹൻ, ഡോ സുമിത്ര എം.ഡി എന്നിവർ പങ്കെടുത്തു.

# ഫെബ്രുവരി മാസത്തെ റേഷൻ വിതരണം മാർച്ച് ഒന്ന് വരെ നീട്ടി

ഫെബ്രുവരി മാസത്തെ റേഷൻ വിതരണം മാർച്ച് ഒന്ന് (വെള്ളിയാഴ്ച) വരെ നീട്ടിയതായും എല്ലാ മാസവും റേഷൻ വ്യാപാരികൾക്ക് സ്റ്റോക്ക് അപ്ഡേഷനായി അനുവദിക്കുന്ന അവധി ഇത്തവണ മാർച്ച് രണ്ട്, ശനിയാഴ്ച ആയിരിക്കുമെന്ന് മന്ത്രി ജി. ആർ അനിൽ അറിയിച്ചു. മാർച്ച് മാസം നീല കാർഡുടമകൾക്ക് നിലവിലെ വിഹിതത്തിനു പുറമെ ഒരു കാർഡിന് 4 കിലോ അരിയും വെള്ളകാർഡിന് 5 കിലോ അരിയും 10.90 പൈസ നിരക്കിൽ നൽകുമെന്നും മന്ത്രി അറിയിച്ചു.

റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിനുള്ള അപേക്ഷ പൂർണ്ണമായും ഓൺലൈൻ ആണ്. ആയതിനാൽ ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്ന അവസരത്തിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയൂ. എന്നാൽ ഗുരുതര രോഗബാധിതർക്ക് മുൻഗണനാ കാർഡിനുള്ള അപേക്ഷ എല്ലാ മാസവും 19ാം തീയതി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ നേരിട്ട് നല്കാവുന്നതാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ്

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക് (എഫ്.ആർ.പി) സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ഫോറം 60 രൂപ (എസ്.സി, എസ്.ടി വിഭാഗക്കാർക്ക് 30 രൂപ) നിരക്കിൽ സെൻട്രൽ പോളിടെക്നിക് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷിക്കേണ്ട അവസാന തീയതി മാർച്ച് നാലിന് വൈകിട്ട് നാലു മണി. ഫോൺ: 0471 2360391

# വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിദ്യാർത്ഥികളുടെ മികവ് ഉപയോഗിക്കുന്ന പദ്ധതിയുമായി വ്യവസായ വകുപ്പ്

## വ്യവസായ വാണിജ്യ വകുപ്പും കേരള സാങ്കേതിക സർവകലാശാലയും ധാരണാപത്രത്തിൽ ഒപ്പിട്ടു



*വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിദ്യാർത്ഥികളുടെ മികവ് ഉപയോഗിക്കുന്ന പദ്ധതി സംബന്ധിച്ച ധാരണാപത്രം വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറുമായ എസ്. ഹരികിഷോറും കേരള സാങ്കേതിക സർവകലാശാല രജിസ്ട്രാർ ഡോ. എ. പ്രവീണും കൈമാറുന്നു. വ്യവസായ, നിയമ, കയർ മന്ത്രി പി. രാജീവ്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, കെടിയു വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് എന്നിവർ സമീപം.*

തിരുവനന്തപുരം: വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള സാങ്കേതിക പരിഹാരത്തിന് എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ മികവ് ഉപയോഗിക്കുന്ന പദ്ധതിയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റും (ഡിഐ ആൻഡ് സി )എപിജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയും (കെടിയു) കൈകോർക്കുന്നു.

ഇത് സംബന്ധിച്ച ധാരണാപത്രം വ്യവസായ, നിയമ, കയർ മന്ത്രി പി. രാജീവിൻറെ സാന്നിധ്യത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി മാനേജിംഗ് ഡയറക്ടറുമായ എസ്. ഹരികിഷോറും കേരള സാങ്കേതിക സർവകലാശാല രജിസ്ട്രാർ ഡോ. എ. പ്രവീണും കൈമാറി. കെടിയു വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ലയും സന്നിഹിതരായിരുന്നു.

സാങ്കേതിക മേഖലയിൽ മികവ് പുലർത്തുന്ന വിദ്യാർത്ഥികൾക്ക് കെഎസ്ഐഡിസി വഴി ഇൻറേൺഷിപ്പിന് അവസരം ലഭ്യമാക്കുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. ഭാവിയിൽ പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് ഇത്തരം പദ്ധതികൾ വ്യാപിപ്പിക്കാനാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വ്യാവസായിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിനും നിർമ്മാണമേഖലയിലെ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക കണ്ടുപിടുത്തങ്ങൾ വികസിപ്പിക്കുന്നതിലും ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്ക് ഗ്രാൻറ് മുഖേന സഹായം നൽകുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

ഇതിൻറെ ഭാഗമായി ഗവേഷണം നടത്തുന്ന ഓരോ വിദ്യാർത്ഥിക്കും പരമാവധി 6 മാസത്തേക്ക് പ്രതിമാസം 10,000 രൂപ ഗ്രാൻറ് നൽകും. ഗ്രാൻറ് നൽകുന്നതിനായി 12 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

കേരളത്തിലെ വ്യവസായ സ്ഥാപനങ്ങളും സർവകലാശാലകളും തമ്മിൽ ഫലപ്രദമായ ബന്ധം സ്ഥാപിക്കുന്നതിനും വ്യവസായങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസിലാക്കി സാങ്കേതിക സഹായം നൽകുന്നതിനും പദ്ധതിയിലൂടെ സാധിക്കും.

സംരംഭങ്ങളുടെ സാങ്കേതിക തലത്തിലും മാനേജ്മെൻറ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കണ്ടെത്തും. അവ സാങ്കേതിക സർവകലാശാല വഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് പ്രശ്ന പ്രസ്താവനകളായി കൈമാറും.

ഗുണമേന്മയും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക, പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള സാങ്കേതിക പരിഹാരങ്ങൾ വിദ്യാർത്ഥികൾ ഗവേഷണത്തിലൂടെ കണ്ടെത്തും.

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സർവകലാശാല സമർപ്പിക്കുന്ന ഗവേഷണ റിപ്പോർട്ട് വ്യവസായവകുപ്പ് സംരംഭങ്ങൾക്ക് കൈമാറും.

എ.പി.ജെ അബ്ദുൽ കലാം സാങ്കേതിക സർവകലാശാലക്ക് കീഴിലുള്ള വിദ്യാർത്ഥികൾക്കാണ് പദ്ധതിയ്ക്ക് കീഴിലുള്ള സഹായത്തിന് അർഹതയുള്ളത്.

# വാക്ക് ഇൻ ഇന്റർവ്യൂ

കേരള പൊതു വിദ്യഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റിയുടെ കീഴിൽ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന മഹിള ശിക്ഷൺ കേന്ദ്രത്തിലേക്ക് റസിഡൻഷ്യൽ ടീച്ചർ, കുക്ക് എന്നീ തസ്തികകളിലേക്ക് നിർദ്ദിഷ്ട യോഗ്യതയുള്ള സ്ത്രീ ഉദ്യോഗാർഥികൾക്കായി വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം വിദ്യഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ഒറിജിനൽ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം മാർച്ച് 7ന് രാവിലെ 11 ന് പാലക്കാട് ജില്ലാ പഞ്ചായത്തിൽ വാക്ക് ഇൻ ഇന്റർവ്യൂവിന് ഹാജരാകണം.

റസിഡൻഷ്യൽ ടീച്ചർ തസ്തികക്ക് ബിരുദവും ബി.എഡുമാണ് യോഗ്യത. 25 വയസ് പൂർത്തിയാകണം. പ്രതിമാസം 11000 രൂപയാണ് ഓണറേറിയം. കുക്കിന് മലയാളം എഴുതാനും വായിക്കാനും അറിയണം. 23 വയസിന് മുകളിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പ്രതിമാസം 7500 രൂപ വേതനം ലഭിക്കും.

കൂടുതൽ വിവരങ്ങൾക്ക് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, ടിസി 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഫോൺ: 0471 2348666. ഇമെയിൽ : keralasamakhya@gmail.com, വെബ്സൈറ്റ്: www.keralasamakhya.org.

# കേസുകളുടെ വിചാരണ

പാലക്കാട് വ്യാവസായിക ട്രൈബ്യൂണലും, ഇൻഷുറൻസ് കോടതി ജഡ്ജിയും, എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുമായ സാബു സെബാസ്റ്റ്യൻ 2014 മാർച്ച് മാസം 4, 5, 11, 12, 18, 19, 25, 26 തീയതികളിൽ പാലക്കാട് റവന്യൂ ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും (ആർ.ഡിഒ കോർട്ട്) 1, 7 തീയതികളിൽ പെരിന്തൽമണ്ണ സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി ഹാളിലും 15, 22 തീയതികളിൽ മഞ്ചേരി ഇന്ദിരാഗാന്ധി ബസ് ടെർമിനൽ ബിൽഡിംഗിലെ ഒന്നാം നിലയിലെ കോടതി ഹാളിലും തൊഴിൽ തർക്ക കേസുകളിലും, ഇൻഷുറൻസ് കേസുകളും എംപ്ലോയീസ് കോമ്പൻസേഷൻ കേസുകളും വിചാരണ ചെയ്യും.

# മലപ്പുറം ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടി ശരിവച്ച് ഹൈക്കോടതി

കൊച്ചി: മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിച്ച നടപടി ശരിവച്ച് ഹൈക്കോടതി. ലീഗ് മുൻ എംഎൽഎയുടെയും പ്രാഥമിക ബാങ്കുകളുടെയും ഹർജികളും, റിസർവ് ബാങ്ക് നിലപാടും തള്ളിയാണ് സിംഗിൾ ബെഞ്ച് ഉത്തരവ് കോടതി ശരിവച്ചത്.

സഹകരണ നിയമത്തിലെ ഭേദഗതി അസാധുവാക്കണമെന്നായിരുന്നു ആർബിആഐ വാദം. എന്നാൽ ലയനത്തിന് അനുമതി നൽകിയിട്ട് എതിർത്തതെന്തിനെന്ന് കോടതി ചോദിച്ചു. ലയനത്തിന് കേവല ഭൂരിപക്ഷം മതിയെന്നും കോടതി ഉത്തരവിട്ടു. സഹകരണ നിയമത്തിലെ ഭേദഗതികൾ കോടതി അംഗീകരിച്ചു.

# തേക്കുതടിയുടെ ചില്ലറ വിൽപ്പന

ഗാർഹികാവശ്യങ്ങൾക്കായുള്ള തേക്കുതടിയുടെ ചില്ലറ വില്പന തിരുവനന്തപുരം തടി വില്പന ഡിവിഷന്റെ കീഴിലുള്ള തെന്മല ഗവൺമെന്റ് തടി ഡിപ്പോയിൽ മാർച്ച് 15 മുതൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

വീട് നിർമ്മിക്കുന്നതിന് വേണ്ട അംഗീകരിച്ച പ്ലാൻ, അനുമതി, സ്കെച്ച് എന്നിവയുടെ പകർപ്പും തിരിച്ചറിയൽ കാർഡും പാൻകാർഡുമായി മാർച്ച് 15 മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു മണിവരെ തെന്മല ഗവൺമെന്റ് തടി ഡിപ്പോയെ സമീപിച്ചാൽ 5 ക്യൂ.മീറ്റർ വരെ തേക്കുതടി നേരിട്ട് വാങ്ങാവുന്നതാണ്.

# മലയോര പട്ടയം വിവരശേഖരണം സംസ്ഥാന തല ഉദ്ഘാടനം ഇന്ന്

1977 ജനുവരി ഒന്നിന് മുൻപ് വനഭൂമിയിൽ കുടിയേറി താമസിച്ചുവരുന്ന മുഴുവൻ പേർക്കും അതത് പ്രദേശത്തെ ബാധകമായ ഭൂപതിവുചട്ടങ്ങൾ അനുസരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടിയുടെ ഭാഗമായി, നാളിതുവരെ പട്ടയം ലഭിക്കാത്തവരുടെ സമഗ്രവിവരശേഖരണം ആരംഭിക്കുന്നു. മാർച്ച് ഒന്നു മുതൽ 15 വരെ നടക്കുന്ന വിവരശേഖരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (മാർച്ച് 1) രാവിലെ 10 ന് തൃശ്ശൂർ ജില്ലയിലെ മാന്ദമംഗലം വില്ലേജ് ഓഫീസ് അങ്കണത്തിൽ റവന്യൂ മന്ത്രി കെ രാജൻ ഉദ്ഘാടനം ചെയ്യും.

വനം വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ദേവസ്വം വകുപ്പ് മന്ത്രി കെ രാധാകൃഷ്ണൻ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു എന്നിവർ മുഖ്യാതിഥികളാകും. ചടങ്ങിൽ എംപിമാർ എംഎൽഎമാർ, മറ്റു ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

വനം റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ നടന്നിടയിടങ്ങളിൽ ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയവർ, ജോയിൻറ് വെരിഫിക്കേഷൻ നടക്കാത്ത സ്ഥലങ്ങളിലെ താമസക്കാർ, നാളിതുവരെ പല കാരണങ്ങളാൽ പട്ടയത്തിന് അപേക്ഷിക്കാത്തവർ എന്നിവരുടെ സമഗ്ര വിവരശേഖരണമാണ് മാർച്ച് ഒന്നു മുതൽ 15 വരെ നടത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളത്.

# റേഷൻ കാർഡ് മാറ്റത്തിനായി എല്ലാ മാസവും 19 വരെ അപേക്ഷിക്കാം

ഗുരുതര രോഗ ബാധിതർക്ക് റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റുന്നതിന് എല്ലാ മാസവും 19ാം തീയതി വരെ അപേക്ഷ നൽകാമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ പറഞ്ഞു. ഭക്ഷ്യമന്ത്രിയുടെ പ്രതിമാസ ഫോൺ ഇൻ പരിപാടിയിലാണ് ഇക്കാര്യം അറിയിച്ചത്. താലൂക്ക് സപ്ലൈ ഓഫീസുകളിൽ നേരിട്ടാണ് അപേക്ഷ നൽകേണ്ടത്. മറ്റുള്ളവർക്ക് ഓൺലൈനായി അപേക്ഷ വിളിക്കുന്ന അവസരത്തിൽ അപേക്ഷ നൽകാവുന്നതാണ്.

# 4,36,447 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു: മന്ത്രി ജി. ആർ അനിൽ

നിലവിലെ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഇതുവരെ 99,182 മുൻഗണനാ കാർഡുകളും (പിങ്ക്) 3,29,679 എൻ.പി.എൻ.എസ് (വെള്ള) കാർഡുകളും 7616 എൻ.പി.ഐ (ബ്രൗൺ) കാർഡുകളും ഉൾപ്പെടെ ആകെ 4,36,447 പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തതായി ഭക്ഷ്യ വകുപ്പ് മന്ത്രി ജി. ആർ അനിൽ അറിയിച്ചു. ഇതുവരെ 3,78,763 മുൻഗണനാ കാർഡുകളും 42,832 മഞ്ഞ കാർഡുകളും ഉൾപ്പെടെ 4,21,595 മുൻഗണന കാർഡുകൾ തരം മാറ്റി നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭക്ഷ്യമന്ത്രിയുടെ പ്രതിമാസ ഫോണിൻ പരിപാടിക്കുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശരാശരി ഒരു മണിക്കൂർ നീണ്ടു നിൽക്കുന്ന ഫോൺ ഇൻ പ്രോഗ്രാമിൽ ഏകദേശം മുപ്പതോളം പരാതികൾ കേൾക്കുന്നുണ്ട്. ഒരു ഫോൺ ഇൻ പരിപാടിയിൽ വരുന്ന പരാതികൾ അടുത്ത ഫോൺ ഇൻ പരിപാടിക്ക് മുൻപായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. റേഷൻ കാർഡ്, റേഷൻവിതരണം, ഉപഭോക്തൃകാര്യം, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ പരാതികളും നേരിട്ട് മന്ത്രിയെ അറിയിക്കാനുള്ള അവസരം പരിപാടിയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കും. നിശ്ചിത സമയത്തിനുള്ളിൽ മന്ത്രിയെ ഫോണിൽ കിട്ടാത്തപക്ഷം പരാതി അറിയിക്കുന്നതിനായി 24 മണിക്കൂറും പരാതി പരിഹാരസെല്ലും പ്രവർത്തിക്കുന്നുണ്ട്. അത്തരത്തിൽ പ്രതിദിനം ലഭിക്കുന്ന പരാതികൾക്ക് പരിഹാരം കണ്ടെത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റേഷൻ കാർഡുമായി ബന്ധപ്പെട്ട് 71,14,769 ഓൺലൈൻ അപേക്ഷകൾ ലഭിച്ചു. 70,93,632 (99.7 ശതമാനം) അപേക്ഷകൾ തീർപ്പാക്കി. കൂടാതെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 5147 പേർക്ക് പുതിയതായി കാർഡ് നൽകി. അതിൽ 3940 കാർഡുകൾ എ.എ.വൈ ആയി മാറ്റി നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

അനർഹർ വച്ചിട്ടുള്ള മുൻഗണനകാർഡുകൾ കണ്ടെത്തുന്നതിന് പൊതുവിതരണ വകുപ്പ് ആരംഭിച്ച 'ഓപ്പറേഷൻ യെല്ലോ' പദ്ധതിയുടെ ഭാഗമായി 2021 മേയ് 21 മുതൽ 2023 ഓഗസ്റ്റ് 31 വരെ 2,07,626 റേഷൻകാർഡുകൾ പിടിച്ചെടുക്കുകയും കാർഡ് ഉടമകളിൽ നിന്ന് 5,94,11,434 (5.94 കോടി) പിഴ ഈടാക്കുകയും ചെയ്തു. 2022 ൽ 4,19,19,486 (4.19 കോടി) രൂപയും പിഴ ഈടാക്കി.

ജനുവരി മാസത്തിൽ നടന്ന ഫോൺ ഇൻ പരിപാടിയിൽ 20 പരാതികളാണ് ലഭിച്ചത്. ആറ് പരാതികൾ മുൻഗണനാ കാർഡുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. ഇവ പരിഹരിച്ചു. മറ്റു പരാതികൾ റേഷൻ വിതരണം, ലീഗൽ മെട്രോളജി വകുപ്പുമായി ബന്ധപ്പെട്ട് സപ്ലൈകോ സേവനങ്ങളെ സംബന്ധിച്ചുള്ളവയായിരുന്നു. അവ ഓരോന്നും പരിശോധിച്ചു പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

# തേജോമയ പദ്ധതി ഉത്പന്നങ്ങൾക്ക് പ്രത്യേക ലോഗോയും ബ്രാൻഡിംഗും

സംസ്ഥാന വനിതാശിശു വികസന വകുപ്പിന്റെ തേജോമയ പദ്ധതിയിലുൾപ്പെട്ട അതിജീവിതരായ കുട്ടികൾ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ ബ്രാൻഡിംഗും പ്രത്യേക ലോഗോയുടെ പ്രകാശനവും ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിച്ചു.ഈ ഉത്പനങ്ങൾ ഓൺലൈൻ വഴിയും മറ്റു മാർഗങ്ങളിലൂടെയും വിപണിയിലെത്തിച്ച് കുട്ടികളുടെ പുനരധിവാസത്തിന് വേണ്ടി ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നതിനുള്ള മാർഗരേഖ വനിതാ ശിശുവികസന വകുപ്പ് തയ്യാറാക്കി വരുന്നതായി മന്ത്രി വീണാ ജോർജ് പറഞ്ഞു. ഈ ബ്രാൻഡിംഗിലൂടെ കുട്ടികൾ നിർമ്മിക്കുന്ന വിവിധതരം വസ്ത്രങ്ങളും ബാഗുകളും ബേക്കറി ഉത്പന്നങ്ങളും വിപണനം നടത്തും. എറണാകുളം കാക്കനാടുള്ള വകുപ്പിന്റെ തന്നെ കെട്ടിടത്തിൽ കുട്ടികൾക്ക് മെച്ചപ്പെട്ട രീതിയിൽ വിവിധതരം കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്നതിനും മെച്ചപ്പെട്ട വിപണന സാധ്യതകൾ നൽകുന്നതിനുമുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നതായും മന്ത്രി വ്യക്തമാക്കി.പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരും വീടുകളിലേക്ക് തിരിച്ച് പോകാൻ സാധിക്കാത്തതുമായ അതിജീവിതരായ പെൺകുട്ടികളുടെ ദീർഘകാല പുനരധിവാസം ലക്ഷ്യമാക്കിയാണ് വനിതാശിശു വികസന വകുപ്പിന് കീഴിലുള്ള നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ തേജോമയ ഹോം പ്രവർത്തിച്ചു വരുന്നത്. എൻട്രി ഹോമുകൾ, മോഡൽ ഹോം എന്നിവിടങ്ങളിലെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കട്ടികൾകളിൽ അനുയോജ്യരായവരെ സൈക്കോളജിക്കൽ അസസ്മെന്റ് നടത്തി തെരഞ്ഞെടുക്കുകയും ഹോമിലെത്തിച്ച് ഓരോരുത്തരുടെയും അഭിരുചിക്കനുസരിച്ച് തൊഴിലധിഷ്ഠിത പരിശീലനം, ജീവിത നൈപുണ്യ പരിശീലനം എന്നിവ നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇത്തരത്തിൽ ഇതുവരെ 20 കുട്ടികൾക്ക് പരിശീലനം നൽകി മുഖ്യധാരയിലേക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 19 കുട്ടികൾ തേജോമയ പദ്ധതിയ്ക്ക് കീഴിൽ പരിശീലനം നടത്തിവരുന്നു. വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ ഹരിത വി കുമാർ, നിർഭയ സെൽ സ്റ്റേറ്റ് കോഓർഡിനേറ്റർ ശ്രീല മേനോൻ എന്നിവർ പങ്കെടുത്തു.

# അപേക്ഷാ തീയതി ദീർഘിപ്പിച്ചു

കേരള സർക്കാർ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ (ഐ.എച്ച്.ആർ.ഡി) ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കോഴ്സുകൾക്ക് അപേക്ഷിക്കാനുള്ള തീയതി 2024 മാർച്ച് 11 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (പി.ജി.ഡി.സി.എ), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് ആൻഡ് സെക്യൂരിറ്റി (പി.ജി.ഡി.സി.എഫ്), ഡാറ്റ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഡി.ഡി.റ്റി.ഒ.എ), ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻസ് (ഡി.സി.എ), സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് (സി.സി.എൽ.ഐ.എസ്) എന്നീ കോഴ്സുകൾക്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഐ.എച്ച്.ആർ.ഡി വെബ്സൈറ്റായ ംംം.ശവൃറ.മര.ശി സന്ദർശിക്കുക.

# സെറ്റ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

2024 ജനുവരി 21ന് നടത്തിയ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിച്ചു. www.prd.kerala.gov.in, www.kerala.gov.in, www.lbscetnre.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ഫലം ലഭ്യമാണ്. ആകെ 19464 പേർ പരീക്ഷ എഴുതിയതിൽ 5103 പേർ വിജയിച്ചു. വിജയശതമാനം 26.22.

പാസ്സായവരുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അവരുടെ സെറ്റ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള അപേക്ഷാ ഫോറം എൽ.ബി.എസ് സെന്ററിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് ആവശ്യമായ രേഖകളുടെ (ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ) കോപ്പികൾ 40 രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽ വിലാസം എഴുതിയ അ4 വലിപ്പത്തിലുള്ള ക്ലോത്ത് ലൈൻഡ് കവർ സഹിതം ഡയറക്ടർ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, പാളയം, തിരുവനന്തപുരം33 എന്ന വിലാസത്തിൽ ലഭ്യമാക്കണം. സെറ്റ് സർട്ടിഫിക്കറ്റുകൾ മേയ് മാസം മുതൽ വിതരണം ചെയ്യും. സെറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാഫോം മാർച്ച് 15 മുതൽ വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0471 2560311, 312, 313, 314.

# സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സൺ നിയമനം : മാർച്ച് 7 വരെ അപേക്ഷിക്കാം

സംസ്ഥാന ഭക്ഷ്യകമ്മീഷൻ ചെയർപേഴ്സൺ നിയമനത്തിന് മാർച്ച് 7 വരെ അപേക്ഷിക്കാം. സെക്രട്ടറി, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിലോ secy.food@kerala.gov.in ലോ അപേക്ഷ നൽകണം. വിശദാംശങ്ങൾ www.prd.kerala.gov.in, https://civilsupplieskerala.gov.in, www.statefoodcommission.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ ലഭിക്കും.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



ഓസ്ട്രേലിയൻ സർക്കാർ പ്രതിനിധി സംഘവുമായി മന്ത്രിമാരുടെ നേതൃത്വത്തിൽ യോഗം

# ഓസ്ട്രേലിയയിൽ ആരോഗ്യ പ്രവർത്തകർക്ക് മികച്ച അവസരമൊരുങ്ങുന്നു

തിരുവനന്തപുരം: ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്, പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി എന്നിവരുമായി ഓസ്ട്രേലിയയിലെ ഹെൽത്ത്, മെന്റൽ ഹെൽത്ത് വകുപ്പ് മന്ത്രി ആംബർജേഡ് സാൻഡേഴ്സണിന്റെ നേതൃത്വത്തിലുള്ള ഓസ്ട്രേലിയൻ പ്രതിനിധി സംഘം യോഗം ചേർന്നു. ഓസ്ട്രേലിയയിൽ കേരളത്തിൽ നിന്നുള്ള ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള പ്രൊഫഷണലുകൾക്ക് മികച്ച അവസരമൊരുങ്ങുകയാണ്. ഇതിനായി തിരുവനന്തപുരം കേന്ദ്രമാക്കി കേരള, ഓസ്ട്രേലിയൻ സർക്കാർ പ്രതിനിധികളുൾപ്പെട്ട പ്രത്യേക സെൽ സ്ഥാപിക്കുന്നതാണ്. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിൽ വകുപ്പ് സെക്രട്ടറി, എസ്.സി. എസ്.ടി. വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എന്നിവർ ഈ സെല്ലിലുണ്ടാകും. ആരോഗ്യ പ്രവർത്തകരെ റിക്രൂട്ട് ചെയ്യുന്നതിനും പരിശീലനത്തിനും എക്സ്ചേഞ്ച് പരിപാടികൾക്കും ഉപകാരപ്പെടുന്ന രീതിയിലായിരിക്കും ഇതിന്റെ പ്രവർത്തനം.

വെസ്റ്റേൺ ഓസ്ട്രേലിയയിലെ ആരോഗ്യ മേഖലയിലെ തൊഴിലവസരങ്ങൾ കേരളത്തിലെ തൊഴിലന്വേഷകർക്ക് മുന്നിലെത്തിക്കുകയും കേരളത്തിലെ യുവതലമുറയ്ക്ക് അവിടെയുള്ള മികച്ച സർവകലാശാലകളിൽ നിന്ന് ഉന്നത വിദ്യാഭ്യാസം നേടാനുള്ള അവസരമൊരുക്കുകയും ചെയ്യും. അതുവഴി വെസ്റ്റേൺ ഓസ്ട്രേലിയയും കേരളവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തും.

ഓസ്ട്രേലിയയിലെ ആരോഗ്യ രംഗത്ത് ധാരാളം തൊഴിൽ സാധ്യതകളാണുള്ളത്. നഴ്സിംഗ് ആന്റ് മിഡ് വൈഫറി, മെഡിക്കൽ, അലൈഡ് ഹെൽത്ത്, ദന്തൽ എന്നീ വിഭാഗങ്ങളിലാണ് ഓസ്ട്രേലിയ ജീവനക്കാരെ തേടുന്നത്. കേരളത്തിലെ നഴ്സുമാരുടെ വൈദഗ്ധ്യം, പരിചരണം, കഠിനാധ്വാനം, ആത്മാർത്ഥത, പെരുമാറ്റം എന്നിവ ലോകമെമ്പാടും പ്രശസ്തമാണ്. മികച്ച പരിശീലനം ലഭിച്ചവരായതിനാൽ കേരളത്തിലെ നഴ്സുമാർക്ക് ലോകമെമ്പാടും വലിയ സ്വീകാര്യതയാണ്. ഇവർക്ക് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നതിനാവശ്യമായ പരിശീലനം ഒഡെപക് നൽകി വരുന്നു. മന്ത്രിമാർ എല്ലാവിധ പിന്തുണയും നൽകി.

ഒഡെപക് ചെയർമാൻ കെ.പി. അനിൽകുമാർ, മാനേജിംഗ് ഡയറക്ടർ കെ.എ. അനൂപ്, വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

# ബുംറ തിരിച്ചെത്തി, രാഹുൽ പുറത്തുതന്നെ; ധരംശാല ടെസ്റ്റിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു

ന്യൂഡൽഹി: ഇംഗ്ലണ്ടിനെതിരായ അഞ്ചാമത്തെയും അവസാനത്തെയും ടെസ്റ്റിനായുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. പതിനാറംഗ ടീമിൽ പരിക്കേറ്റ കെ.എൽ. രാഹുൽ ഉൾപ്പെട്ടില്ല. അതേസമയം, നാലാം ടെസ്റ്റിൽ വിശ്രമം അനുവദിച്ചിരുന്ന ജസ്പ്രീത് ബുംറ വൈസ് ക്യാപ്റ്റനായി തിരിച്ചെത്തി. മാർച്ച് ഏഴിന് ധരംശാലയിലാണ് മത്സരം.

വാഷിംഗ്ടൺ സുന്ദറിനെയും ടീമിൽ ഉൾപ്പെടുത്തിയിട്ടില്ല. മാർച്ച് രണ്ടിന് നടക്കുന്ന രഞ്ജി ട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ മുംബൈക്കെതിരേ തമിഴ്നാടിനുവേണ്ടി അദ്ദേഹം കളിക്കും. ആഭ്യന്തര മത്സരം പൂർത്തിയാക്കിയ ശേഷം, ആവശ്യമെങ്കിൽ അദ്ദേഹം അഞ്ചാം ടെസ്റ്റിനുള്ള ഇന്ത്യൻ ടീമിൽ ചേരുമെന്നും ബിസിസിഐ പ്രസ്താവനയിൽ പറഞ്ഞു.

ലണ്ടനിൽ ചികിത്സയിലുള്ള രാഹുലിനെ പരിക്ക് ഭേദമാകുന്ന മുറയ്ക്ക് ടീമിൽ ഉൾപ്പെടുത്തുമെന്നാണ് ബിസിസിഐ അറിയിച്ചിരുന്നത്. ബിസിസിഐ മെഡിക്കൽ ടീം അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി സൂക്ഷ്മമായി നിരീക്ഷിക്കുകയും ലണ്ടനിലെ ഡോക്ടർമാരുമായി ചർച്ച ചെയ്യുകയും ചെയ്യുന്നുണ്ട്.

ഇന്ത്യൻ ടീം: രോഹിത് ശർമ (ക്യാപ്റ്റൻ), ജസ്പ്രീത് ബുംറ (വൈസ് ക്യാപ്റ്റൻ), യശസ്വി ജയ്സ്വാൾ, ശുഭ്മാൻ ഗിൽ, രജത് പാട്ടിദാർ, സർഫറാസ് ഖാൻ, ധ്രുവ് ജുറെൽ (വിക്കറ്റ് കീപ്പർ), കെ.എസ്. ഭരത് (വിക്കറ്റ് കീപ്പർ), ദേവ്ദത്ത് പടിക്കൽ, ആർ. അശ്വിൻ, രവീന്ദ്ര ജഡേജ, അക്സർ പട്ടേൽ, കുൽദീപ് യാദവ്, മുഹമ്മദ് സിറാജ്, മുകേഷ് കുമാർ, ആകാശ് ദീപ്.

# റായ്ബറേലിയിൽ പ്രിയങ്ക മത്സരിച്ചേക്കില്ല; തീരുമാനം കോൺഗ്രസ് പുനരാലോചിക്കും

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിൽ പ്രിയങ്കാ ഗാന്ധിയെ റായ്ബറേലിയിൽ മത്സരിപ്പിക്കുന്നത് സംബന്ധിച്ച് കോൺഗ്രസിൽ പുനരാലോചന. യുപിയിലെ രാഷ്ട്രീയ സാഹചര്യത്തിൽ വന്ന മാറ്റമാണ് കോൺഗ്രസിനെ പുനരാലോചനയിലേക്ക് നയിച്ചത്.

സമാജ്വാദി പാർട്ടിയുമായി സഖ്യത്തിൽ മത്സരിക്കാൻ കോൺഗ്രസ് നേരത്തേ തീരുമാനിച്ചിരുന്നു. 80 സീറ്റുകളിൽ 17 സീറ്റുകളിൽ കോൺഗ്രസിനെ പിന്തുണയ്ക്കാമെന്നായിരുന്നു ധാരണ. ഇതിൽ അമേഠിയും റായ്ബറേലിയും ഉൾപ്പെടും.

എന്നാൽ രാജ്യസഭാ തെരഞ്ഞെടുപ്പിൽ സമാജ്വാദി പാർട്ടി അംഗങ്ങൾ ബിജെപിക്ക് വോട്ട് ചെയ്തതാണ് കോൺഗ്രസ് തീരുമാനം മാറ്റാൻ ആലോചിക്കുന്നത്. കുറുമാറി വോട്ട് ചെയ്ത അംഗങ്ങളിൽ കൂടുതൽപ്പേരും റായ്ബറേലി ലോക്സഭാ മണ്ഡലത്തിലുൾപ്പെടുന്നവരാണ്.

അമേഠിയിൽ രാഹുൽ ഗാന്ധിക്കേറ്റ പരാജയം റായ്ബറേലിയിൽ സോണിയാഗാന്ധിക്ക് പകരം എത്തുന്ന പ്രിയങ്കയ്ക്കും നേരിടേണ്ടിവരുമെന്നാണ് നേതൃത്വത്തിന്റെ ഭയം. അതിനാൽ ഉത്തർപ്രദേശിൽനിന്നുള്ള സ്ഥാനാർഥിയെ റായ്ബറേലിയിൽ മത്സരിപ്പിക്കാൻ പാർട്ടി ആലോചിക്കുന്നതായാണ് വിവരം.

# ഗ്യാൻവാപി കേസിൽ വിധി പറഞ്ഞ ജഡ്ജിയെ ലോക്പാലായി നിയമിച്ച് യോഗി സർക്കാർ

ലഖ്നൗ: ഗ്യാൻവാപിയിൽ ഹിന്ദു വിഭാഗത്തിന് പൂജ നടത്താൻ അനുമതി നൽകിയ ജഡ്ജിക്ക് വിരമിച്ചതിന് പിന്നാലെ ലോക്പാലായി നിയമനം. ലഖ്നൗവിലെ ജില്ലാ കോടതി റിട്ട. ജഡ്ജി ഡോ. എ.കെ. വിശ്വേശയെയാണ് ലോക്പാലായി നിയമിച്ചത്.

ശകുന്തള മിശ്ര നാഷണൽ റിഹാബിലിറ്റേഷൻ സർവകലാശാലയുടെ ലോക്പാലായാണ് നിയമനം. ഉത്തർപ്രദേശ് സർക്കാരാണ് നിയമനം നടത്തിയത്.

ഉത്തർപ്രദേശിലെ കാശി വിശ്വനാഥ ക്ഷേത്രത്തോടു ചേർന്നുള്ള ഗ്യാൻവാപി മസ്ജിദ് സമുച്ചയത്തിലെ നിലവറയിൽ ആരാധന നടത്താനാണ് ഹിന്ദു വിഭാഗത്തിന് അനുമതി നൽകിയത്. ജനുവരി 31 ന് വിരമിക്കൽ ദിനത്തിലാണ് എ.കെ. വിശ്വേശ ഇത് സംബന്ധിച്ച് ഉത്തരവിട്ടത്.

# കേസുകളിൽ ഹൈക്കോടതി സ്റ്റേ ആറുമാസം കഴിഞ്ഞാലും അവസാനിക്കില്ല: ഉത്തരവ് തിരുത്തി സുപ്രീം കോടതി

ന്യൂഡൽഹി: ക്രിമിനൽ, സിവിൽ കേസുകളിൽ ഹൈക്കോടതികളുടെ സ്റ്റേകൾ ആറുമാസം കഴിഞ്ഞാൽ അവസാനിക്കില്ലെന്ന് സുപ്രീംകോടതി. സ്റ്റേയുടെ കാലാവധി പറയുന്നില്ലെങ്കിൽ കേസ് തീർപ്പാകുംവരെയെന്ന് സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് വ്യക്തമാക്കി.

കോടതി സ്റ്റേ നീട്ടി നൽകിയില്ലെങ്കിൽ ആറു മാസത്തിനു ശേഷം വിചാരണ സ്വാഭാവികമായും ആരംഭിക്കാമെന്നതായിരുന്നു 2018ൽ സുപ്രീം കോടതി ഉത്തരവിട്ടത്. ഇതിനോട് യോജിക്കാനാവില്ലെന്ന് നിരീക്ഷിച്ച ചീഫ് ജസ്റ്റീസിന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഉത്തരവ് തിരുത്തുകയായിരുന്നു.

2018ലെ വിധിയുടെ പശ്ചാത്തലത്തിൽ സ്റ്റേ കാലാവധി തീരുന്ന മുറയ്ക്ക് കക്ഷികൾക്ക് നോട്ടീസ് പോലും നല്കാതെ വിചാരണ പുനരാരംഭിക്കുന്നതായി പരാതികൾ കോടതിക്ക് ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് അലഹാബാദ് ബാർ അസോസിയേഷനടക്കം കോടതിയെ സമീപിച്ചിരുന്നു. ഇതുകൂടി കണക്കിലെടുത്താണ് ഉത്തരവ് പുനഃപരിശോധിക്കണമെന്ന ഹർജി സുപ്രീം കോടതി അഞ്ചംഗ ഭരണഘടനാ ബെഞ്ചിനു വിട്ടത്.

ചീഫ് ജസ്റ്റീസിനു പുറമേ ജസ്റ്റീസുമാരായ എ.എസ്. ഒക, ജെ.പി. പർദിവാല, മനോജ് മിശ്ര, പങ്കജ് മിത്തൽ എന്നിവരായിരുന്നു ബെഞ്ചിലെ അംഗങ്ങൾ.

# വീൽ ചെയർ നൽകിയില്ല: വയോധികൻ വിമാനത്താവളത്തിൽ മരിച്ചു; എയർ ഇന്ത്യയ്ക്ക് പിഴ

മുംബൈ: വീൽ ചെയർ നൽകാത്തതിനെ തുടർന്ന് വിമാനത്തിൽ നിന്നും ടെർമിനലിലേക്ക് നടന്ന 80കാരൻ മരിച്ച സംഭവത്തിൽ എയർ ഇന്ത്യയ്ക്ക് പിഴ. മുംബൈ ഛത്രപതി ശിവാജി മഹാരാജ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഫെബ്രുവരി 16ന് നടന്ന സംഭവത്തിൽ 30ലക്ഷം രൂപ പിഴ നൽകാനാണ് ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (ഡിജിസിഎ) നിർദേശിച്ചത്.

സംഭവത്തിന് പിന്നാലെ ഏഴു ദിവസത്തിനകം മറുപടി നൽകണമെന്ന് ആവശ്യപ്പെട്ട് ഡിജിസിഎ എയർ ഇന്ത്യയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് പ്രതികരണം പരിശോധിച്ച ശേഷം എയർ ഇന്ത്യ കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും 30 ലക്ഷം രൂപ പിഴ ചുമത്തുകയും ചെയ്തു. യാത്രക്കാരന്റെ ഭാര്യയ്ക്ക് വീൽചെയർ നൽകിയിരുന്നുവെന്നും മറ്റൊന്ന് ക്രമീകരിക്കുന്നതുവരെ കാത്തിരിക്കാൻ ജീവനക്കാർ അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നതായും എയർലൈൻ ഡിജിസിഎയെ അറിയിച്ചു. എന്നാൽ പകരം ഭാര്യയോടൊപ്പം ടെർമിനലിലേക്ക് നടക്കാൻ അദ്ദേഹം തീരുമാനിക്കുകയായിരുന്നുവെന്നും എയർഇന്ത്യ അറിയിച്ചു. എന്നാൽ പരിശോധനയിൽ, വിമാനത്തിൽ അംഗവൈകല്യമുള്ളവരെ പ്രത്യേകമായി അഭിസംബോധന ചെയ്യുന്ന മാനദണ്ഡങ്ങൾ എയർ ഇന്ത്യ പാലിച്ചിട്ടില്ലെന്ന് ഡിജിസിഎ കണ്ടെത്തി. എയർക്രാഫ്റ്റ് റൂൾസ്, 1937ൽ പറഞ്ഞിരിക്കുന്ന നിയന്ത്രണങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതാണ് എയർ ഇന്ത്യയ്ക്കെതിരെ പിഴ ചുമത്തിയത്.

## മോദി കേരളത്തിൽ സ്ഥിരതാമസമാക്കിയാലും ബിജെപി ജയിക്കില്ല: എം.വി. ഗോവിന്ദൻ

തിരുവനന്തപുരം: പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളത്തിൽ സ്ഥിര താമസമാക്കിയാലും ബിജെപി കേരളത്തിൽ ജയിക്കില്ലെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദൻ. തൃശൂരിൽ സുരേഷ് ഗോപി വിജ!യിക്കില്ലെന്നും ഒരു സ്വകാര്യ ചാനലിനു നൽകിയ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. മാസപ്പടി വിവാദം തെരഞ്ഞെടുപ്പിൽ ബാധിക്കില്ലെന്നും ഇത് വെറും ആരോപണം മാത്രമെന്നും അദ്ദേഹം പറഞ്ഞു. കമ്പനികൾ തമ്മിൽ ഉള്ളത് കമ്പനികൾ തമ്മിൽ പരിഹരിക്കുക. ഇത് മുഖ്യമന്ത്രിക്കെതിരായ രാഷ്ട്രീയ ആക്രമണമാണെന്നും അതിനെ രാഷ്ട്രീയമായി നേരിടുമെന്നും എം.വി ഗോവിന്ദൻ പറഞ്ഞു.

# സംസ്ഥാനത്ത് ഭരണാനുകൂല വികാരം; ക്ഷേമപെൻഷൻ മുടങ്ങിയത് തിരിച്ചടിയാവില്ല: എ. വിജയരാഘവൻ

പാലക്കാട്: സംസ്ഥാനത്ത് ഭരണവിരുദ്ധ വികാരമില്ലെന്ന് പാലക്കാട്ടെ എൽഡിഎഫ് സ്ഥാനാർഥി എ. വിജയരാഘവൻ. വളരെ നല്ല ഭരണാനുകൂല വികാരമാണുള്ളതെന്നും ഇടതു സർക്കാരിന്റെ നിലപാടുകൾക്ക് കേരളത്തിലും ദേശീയ തലത്തിലും സ്വീകാര്യതയുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ക്ഷേമപെൻഷൻ മുടങ്ങിയതുൾപ്പെടെ ഒന്നും സംസ്ഥാന സർക്കാരിനെതിരായ ഭരണവിരുദ്ധ വികാരത്തിനിടയാക്കില്ലെന്നും വിജയരാഘവൻ പറഞ്ഞു.

പാലക്കാട് അത്യപൂർവ സന്ദർഭങ്ങളിലൊഴികെ എല്ലായ്പ്പോഴും ഇടതുപക്ഷത്തിനൊപ്പം നില്ക്കുന്ന പ്രദേശമാണ്. മണ്ഡലത്തിൽ ബിജെപിയുടെ സ്വാധീനം കുറഞ്ഞു. ബിജെപിക്ക് കേരളത്തിൽ സ്വാധീനം കുറയുന്ന തെരഞ്ഞെടുപ്പാകും ഇത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ട് അവർക്ക് ഇത്തവണയുണ്ടാകില്ലെന്നും വിജയരാഘവൻ കൂട്ടിച്ചേർത്തു.

# ട്രാൻസ്ഫോർമറിനു തീപിടിച്ചു: തൊണ്ടി വാഹനങ്ങൾ കത്തി നശിച്ചു

വലിയതുറ: കെഎസ്ഇബിയുടെ ട്രാൻസ്ഫോർമറിന് തീപിടിച്ചതിനെത്തുടർന്ന് രണ്ട് കാറുകൾ കത്തി നശിച്ചു. പേട്ട പോലീസ് സ്റ്റേഷനോട് ചേർന്നുള്ള ട്രാൻസ്ഫോമറിനാണ് തീ പിടിച്ചത്. ചൊവ്വാഴ്ച രാത്രി 11നായിരുന്നു സംഭവം.

ട്രാൻസ്ഫോമറിൽ നിന്നും പുക ഉയരുന്നതു കണ്ട സമീപത്തെ കച്ചവടക്കാരാണ് വിവരം പോലീസിനെ അറിയിച്ചത്. ഉടൻ തന്നെ പോലീസ് വിവരം കെഎസ്ഇബി ജീവനക്കാരെയും ചാക്ക ഫയർ സ്റ്റേഷനിലും അറിയിക്കുകയായിരുന്നു.

എന്നാൽ നിമിഷ നേരം കൊണ്ട് ട്രാൻസ്ഫോമറിൽ നിന്നും തീ ഉയർന്നു പൊങ്ങുകയും വലിയ ശബ്ദത്തോടുകൂടി പൊട്ടുകയുമായിരുന്നു. ചാക്ക ഫയർ സ്റ്റേഷനിൽ നിന്നും ആദ്യ യൂണിറ്റ് എത്തിയപ്പോഴെയ്ക്കും ഉയർന്നു പൊങ്ങിയ തീ പോലീസ് സ്റ്റേഷനു സമീപത്തായി പിടിച്ചിട്ടിരുന്ന തൊണ്ടി വാഹനങ്ങളിലേയ്ക്ക് പടർന്നിരുന്നു. തൊണ്ടി വാഹനത്തിൽ ഉൾപ്പെട്ട രണ്ട് കാറുകൾ കത്തി നശിച്ചു. ഇതിൽ ഒരുകാർ പൂർണമായും മറ്റെത് ഭാഗീകമായും കത്തി നശിച്ചു.

തുടക്കത്തിൽ തീ പൂർണമായും നിയന്ത്രണ വിധേയമാക്കാൻ കഴിയാതെ വന്നതോടെ രണ്ടാമത് ഒരു യൂണിറ്റുകൂടി വരുത്തിയാണ് തീപൂർണമായും കെടുത്തിയത്.

ട്രാൻസ്ഫോമറിൽ തീ പിടിച്ചയുടൻ തന്നെ കെ.എസ്.ഇ.ബി ജീനവക്കാരെത്തി ലൈൻ ഓഫ് ചെയ്തതിനാൽ വൻ അപകടം ഒഴിവായി. തീപിടിത്തത്തിൽ ട്രാൻസ് ഫോമർ യൂണിറ്റ് ഏറെക്കുറെ കത്തി നശിച്ചു.

ചാക്ക ഫയർ സ്റ്റേഷനിൽ നിന്നും എസ്.എഫ്.ആർ.ഒ ജി.വി.രാജേഷിന്റെ നേതൃത്വത്തിൽ എഫ്.ആർ.ഒ മാരായ ശരത് , ദീപു , മനോജ് , ഷെറിൻ , സാം , അരുൺ , ഹാപ്പിമോൻ എന്നിവരുൾപ്പെട്ട സംഘം എത്തി ഒരു മണിയ്ക്കൂർ സമയം ചിലവഴിച്ചാണ് തീ പൂർണമായി അണച്ചത്.



കരകുളം മാഞ്ഞാങ്കോട് ചിറ നവീകരണ നിർമ്മാണ ഉദ്ഘാടനം മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു

## സംസ്ഥാന ഇൻറർ പോളിടെക്നിക് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് തുടങ്ങി

പടന്ന: സംസ്ഥാന ഇൻറർ പോളിടെക്നിക് ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് ഉദിനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയത്തിൽ തുടക്കമായി. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് മാധവൻ മണിയറ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം എം. സുമേഷ് അധ്യക്ഷത വഹിച്ചു. ദേശീയ അത്‌ലറ്റ് വി. എസ്. അനുപ്രിയ മുഖ്യാതിഥിയായി.

# യുഡിഎഫ് സ്ഥാനാർഥിപ്രഖ്യാപനം വൈകുന്നു; എൽഡിഎഫ് പ്രചാരണരംഗത്ത് സജീവം

ആലപ്പുഴ: ലോക്സഭാ തെരഞ്ഞെടുപ്പിൽ ആലപ്പുഴ മണ്ഡലത്തിൽ യുഡിഎഫ് സ്ഥാനാർഥി പ്രഖ്യാപനം വൈകുന്പോൾ ഒരു പിടിമുന്നിലായി എൽഡിഎഫ് പ്രചാരണം തുടങ്ങി. എൽഡിഎഫ് സ്ഥാനാർഥിക്കുവേണ്ടി ചുവരെഴുത്തു പുരോഗമിക്കുന്നു. പാർലമെൻറ് മണ്ഡലത്തിൽ എൽഡിഎഫ് സ്ഥാനാർഥി എ.എം. ആരിഫിന്റെ പോസ്റ്റർ നിരന്നുകഴിഞ്ഞു.

ആലപ്പുഴ ജില്ലയിലെ ആറു നിയമസഭാ മണ്ഡലങ്ങളും കൊല്ലത്തെ കരുനാഗപ്പള്ളി നിയോജക മണ്ഡലവും അടക്കം ഏഴു നിയമസഭാമണ്ഡലങ്ങൾ അടങ്ങുന്നതാണ് ആലപ്പുഴ ലോക്സഭാ മണ്ഡലം. ഇതിൽ അഞ്ചിടത്തും ജയിച്ചതു നേട്ടമാകുമെന്ന കണക്കുകൂട്ടലിലാണ് ഇടതുപക്ഷം. കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പിൽ ഏഴിൽ ആറും ഇടതിനൊപ്പമായിരുന്നു.

അന്ന് ചെന്നിത്തലയുടെ ഹരിപ്പാടു മാത്രമാണ് കോൺഗ്രസിനു ജയിക്കാനായത്.

ഇനി ആലപ്പുഴ ജില്ല മുഴുവനായെടുത്താലും ഇടതിനുതന്നെയാണ് മേൽക്കൈ. ഒമ്പതു നിയമസഭാ മണ്ഡലങ്ങളിൽ ഒന്നിൽമാത്രമാണ് യുഡിഎഫിനു ജയിക്കാനായത്.